**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6377** **10-11-2021 - ൽ മറുപടിയ്ക്ക്**

**എഫ്.ടി.എം. ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ സ്കൂളുകളിൽ ശുചീകരണം നടത്തേണ്ട എഫ്.ടി.എം. ജീവനക്കാരുടെ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; | (എ) | ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പി.ടി.സി.എം. തസ്തികയുടെ പ്രൊമോഷൻ പോസ്റ്റായ എഫ്.ടി.എം. തസ്തികയിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തിയ സ്കൂളുകളിൽ ഓഡിറ്റ് ഒബ്ജക്ഷൻ വരികയും ഇത്തരത്തിൽ നിയമിക്കപ്പെട്ടവർ കൈപ്പറ്റിയ ശമ്പളം പ്രധാനാധ്യാപകർ തിരിച്ചടയ്ക്കണമെന്ന് ആവശ്യപ്പെട്ടതായുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിന് കീഴിലുള്ള സ്കൂളുകളിൽ സർക്കാർ നിർദ്ദേശമില്ലാതെ നിയമനം നടത്തിയതിനെതിരെ ആഡിറ്റ് തടസ്സവാദങ്ങൾ നിലനിൽക്കു ന്നുണ്ട്. ഇത്തരത്തിൽ സാമ്പത്തിക തടസ്സവാദങ്ങൾ ഉന്നയിക്കപ്പെട്ട പ്രധാനാധ്യാ പകരോട് ബാധ്യത തുക തിരിച്ചടക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റു ജില്ലകളിൽ ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | എഫ്.ടി.എം. ജീവനക്കാരുടെ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ ദിവസ വേതാനാടിസ്ഥാനത്തിൽ നിയമനം നടത്താൻ പ്രധാനാധ്യാപകർ തയ്യാറാവാത്തത്, കോവിഡ് സാഹചര്യത്തിൽ ഉറക്കുന്ന സ്കൂളുകളിൽ പ്രതിസന്ധി സൃഷ്ടിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ ദിവസ വേതാനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ